പശ്ചിമഘട്ടം:
ഗാഡ്ഗിൽ റിപ്പോർട്ട്

# മലയോരജനതയെ തെറ്റിദ്ധരിപ്പിക്കുന്നു

പശ്ചിമഘട്ടത്തിൽ നിന്ന് കർഷകരെയെല്ലാം കുടിയിറക്കി കാര്യങ്ങൾ നേരെയാക്കാം എന്ന് പരിസ്ഥിതി പ്രവർത്തകർ പറയുന്നു എന്നു സൂചിപ്പിച്ചുകൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ജനവികാരമുണർത്തുന്നത്. കേരളത്തിലെ ഏതെങ്കിലും ഒരു പരിസ്ഥിതി സംഘടന അത്തരമൊരു നിലപാടെടുത്തതായി ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിലും ഇങ്ങനെ യൊരു പ്രചരണം നടക്കുമ്പോൾ അക്കാര്യത്തിൽ നിശബ്ദത പുലർത്തുന്നത് ഈ പ്രചരണത്തിന് കരുത്തുപകരും.

സണ്ണി പൈകട

**ഞാനൊരു** കർഷകനാണ്. പശ്ചിമഘട്ടത്തിലെ ഒരു മലയോര ഗ്രാമത്തിൽ കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവൻ. പശ്ചിമഘട്ടത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ഏറെ ആശങ്കകളുണർത്തുന്ന വെളിപ്പെടുത്തലുകൾ ചില കേന്ദ്രങ്ങളിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നത് സ്വാഭാവികമായും ഞാനും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മലയോര മേഖലയിൽ ഒരു മൂട് മരച്ചീനി നടുവാൻ പോലും ഇനിയാവില്ല എന്നാണ് ഒരു ബിഷപ്പ് പറഞ്ഞതായി ഒരു മാധ്യമം റിപ്പോർട്ടു ചെയ്തത്. ലക്ഷക്കണക്കിന് ആളുകളെ കുടിയൊഴിപ്പിക്കാൻ അണിയറയിൽ നീക്കം നടക്കുന്നു എന്നാണ് ചിലർ പ്രചരിപ്പിക്കുന്നത്. ഇതെല്ലാം, ശമ്പളത്തിന്റെയോ പെൻഷന്റെയോ സുരക്ഷിതത്വമില്ലാതെ മലയോരങ്ങളിൽ മണ്ണിലദ്ധ്വാനിച്ച് ജീവിക്കുന്ന ആർക്കും അസ്വസ്ഥതയുണ്ടാക്കുന്ന കാര്യങ്ങളാണ്. സ്വാഭാവികമായും ഈ വിധത്തിലുള്ള ഒരു അങ്കലാപ്പോടെയാണ് ഞാൻ ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകൾ വായിച്ചത്. മലയോര ജനതയെ കുടിയിറക്ക് എന്ന് പറഞ്ഞ് ഭീതിയുടെ ഗർത്തത്തിലേക്ക് ചിലർ തള്ളിയിടുന്നതിന്റെ ഗുട്ടൻസ് അപ്പോഴാണെനിക്ക് മനസ്സിലായത്. അടിസ്ഥാനപരമായി കർഷക സൗഹൃദപരമായ ഒരു റിപ്പോർട്ടിനെ കർഷക വിരുദ്ധമായി ചിത്രീകരിക്കുന്നത് ആടിനെ ആദ്യം പട്ടിയും പിന്നെ പേപ്പട്ടിയുമാക്കി തെരുവിലിട്ട് തല്ലികൊല്ലാനാണെന്ന് മനസ്സിലാക്കാൻ വലിയ ബുദ്ധിയൊന്നും ആവശ്യമില്ല.

പാരിസ്ഥിതിക ലോലതയ്ക്കനുസരിച്ച്, ഗാഡ്ഗിൽ കമ്മിറ്റി പശ്ചിമഘട്ടത്തെ മൂന്നു മേഖലകളായി തിരിക്കുകയും (ESZ1, ESZ 2, ESZ 3) ഈ മൂന്നു മേഖലകളിലും സമയബന്ധിതമായി നടപ്പിലാക്കേണ്ട നിരവധികാര്യങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. പശ്ചിമഘട്ടത്തിലെ ഈ മൂന്നു മേഖലകളിലും ഭൂവിനിയോഗം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, മൃഗപരിപാലനം, കൃഷി, മത്സ്യബന്ധനം, ഊർജ്ജോൽപ്പാദനം, ഗതാഗതം, ഖനനം, വ്യാവസായിക പ്രവർത്തനം, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ രംഗങ്ങളിൽ പ്രകൃതി നാശം ഏറ്റവും കുറയ്ക്കുന്ന പ്രവർത്തനങ്ങളെ നടത്താവൂ എന്ന് വളരെ സൗമ്യമായി ശുപാർശ ചെയ്യുന്ന

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് എങ്ങനെ കർഷക വിരുദ്ധമാവും? നിലവിൽ ജനവാസമുള്ള സ്ഥലങ്ങളിൽ ജനസംഖ്യാവർദ്ധനവ് ഉണ്ടാവുകയാണെങ്കിൽ അവരുടെ താമസസൗകര്യങ്ങൾക്കായി ഭൂവിനിയോഗത്തിലും മറ്റും ചില വിട്ടുവീഴ്ചകളാവാം എന്ന് ശുപാർശകളോടൊപ്പം തന്നെ വ്യക്തമാക്കിയിട്ടുള്ള ഈ റിപ്പോർട്ട് കുടിയിറക്കിനുള്ള കാഹളം മുഴക്കലാണെന്ന് ചിത്രീകരിക്കുന്നത് എന്തടിസ്ഥാനത്തിലാണ്? ജൈവകൃഷി പ്രോത്സാഹിപ്പിക്കണമെന്നും കീടനാശിനികളുടെയും കളനാശിനികളുടെയും ഉപയോഗം നിശ്ചിത വർഷത്തിനുള്ളിൽ നിർത്തലാക്കണമെന്നുമുള്ള നിർദ്ദേശം കർഷക വിരുദ്ധമാണെന്ന്, ജൈവകൃഷി അവബോധം ശക്തമായുള്ള ഇന്നത്തെക്കാലത്ത് സാമാന്യ ബുദ്ധിയുള്ളവർ പറയില്ല. അതുപോലെ തന്നെ മൃഗപരിപാലനം നടത്തുന്നതിന് ഇൻസെന്റീവ് പേമെന്റ് ഏർപ്പെടുത്തണമെന്നും, മൃഗപരിപാലനം ബയോഗ്യാസ് നിർമ്മാണത്തിനും ജൈവവള നിർമ്മാണത്തിനും സഹായകരമായതിനാൽ അതിന് സബ്സിഡി നൽകണമെന്നും ശുപാർശ ചെയ്ത കമ്മിറ്റി കർഷകരെ കുടിയിറക്കാനാണ് ലക്ഷ്യമിടുന്നത് എന്ന് പ്രചരിപ്പിക്കുന്നത് എന്തിനുവേണ്ടിയാണ്, ആർക്കുവേണ്ടിയാണ്?

ആകെക്കൂടി റിപ്പോർട്ടിലെ ശുപാർശകളിൽ മലയോര ജനതയ്ക്ക് ആശങ്കയുണ്ടാക്കാവുന്ന വിധത്തിലുള്ള അവ്യക്തതയുള്ളത് വന്യമൃഗങ്ങളുടെ സഞ്ചാരത്തിനായുള്ള വന ഇടനാഴി സംബന്ധിച്ച് മാത്രമാണ്. കാരണം വന ഇടനാഴികളായി പ്രഖ്യാപിക്കപ്പെടുന്നത് ഏതൊക്കെ പ്രദേശങ്ങളാണ് എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നില്ല. ഇത് സംബന്ധിച്ച് വ്യക്തമായ പഠനങ്ങൾ നടക്കേണ്ടതുണ്ടാവാം. അതിനുശേഷം മാത്രം കൃത്യതയോടെ പറയാൻ കഴിയുന്ന ഈ കാര്യം, ഇപ്പോഴെ വ്യാപകമായ കുടിയിറക്ക് എന്ന പ്രതീതി ജനിപ്പിക്കാൻ തല്പരകക്ഷികൾ ആയുധമാക്കുന്നുണ്ട്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ആർക്കെങ്കിലും രഹസ്യമായി തീരുമാനമെടുത്ത് നടപ്പിലാക്കാവുന്ന ഒരുകാര്യമല്ല ഇതെന്നിരിക്കെ ഇക്കാര്യം ചൂണ്ടിക്കാണിച്ച്. കർഷക സൗഹൃദപരമായ ഒരു റിപ്പോർട്ടിനെയൊന്നാകെ തള്ളിക്കളയണമെന്ന് വാദിക്കുന്നതിലർത്ഥമില്ല. വന ഇടനാഴിക്കായി കുടിയിറക്ക് ആവശ്യമായി വരുമെന്ന് മതിയായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യതയോടെ വ്യക്തമാക്കപ്പെട്ടാൽ ആ ഘട്ടത്തിൽ അതിന്റെ ഗുണദോഷങ്ങൾ വിലയിരുത്തി നിലപാടെടുത്താൽ പോരേ. അതിനുപകരം, ആറ്റിലെ വെള്ളം വറ്റുകയും പട്ടിയുടെ തുടൽ പൊട്ടുകയും ചെയ്താൽ എന്നാലോചിച്ച് ഇപ്പോഴെ ഉറക്കമിളയ്ക്കേണ്ടതുണ്ടോ?

ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകളെല്ലാം പശ്ചിമഘട്ടത്തിന്റെ സംരക്ഷണം ലക്ഷ്യംവച്ചുള്ളവയാണ്. പശ്ചിമഘട്ടത്തിന്റെ സംരക്ഷണം എന്നത് പ്രത്യേകിച്ചും ആ മേഖലകളിൽ ജീവിക്കുന്നവരുടെയും പൊതുവിൽ മറ്റു മേഖലകളിൽ ജീവിക്കുന്നവരുടെയും നിലനില്പിനു വേണ്ടിയാണ്. ഇത് മനസ്സിലാക്കാൻ വലിയ പാരിസ്ഥിതിക അവബോധം ആവശ്യമില്ല. മലയോരങ്ങളിൽ പോലും ഓരോ വർഷവും വർദ്ധിച്ചുവരുന്ന കുടിവെള്ളക്ഷാമത്തെക്കുറിച്ച് മാത്രം യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കാൻ ശ്രമിച്ചാൽ മതി. എന്നിട്ടുമെന്തെ ചിലർ ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾക്കു നേരെ യുദ്ധപ്രഖ്യാപനം നടത്തുന്നത്?

യഥാർത്ഥത്തിൽ ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾക്കെതിരെ കർഷകജനതയെ തെരുവിലിറക്കാൻ നീക്കങ്ങൾ നടത്തുന്നത് കർഷകസ്നേഹം മൂലമല്ല. ഇത് മനസ്സിലാക്കാൻ കമ്മിറ്റിയുടെ ചില ശുപാർശകൾ ശ്രദ്ധിച്ചാൽ മതി. പശ്ചിമ ഘട്ടത്തിലെ ESZ1, ESZ 2, ESZ 3 മേഖലകളിൽ പുതിയതായി ഖനനങ്ങൾക്ക് ലൈസൻസ് കൊടുക്കരുത്, ESZ1ൽ അഞ്ചു വർഷത്തിനുള്ളിൽ എല്ലാ ഖനനങ്ങളും നിർത്തലാക്കണം, ESZ 2ൽ നിലവിലുള്ള ഖനന പ്രവർത്തനങ്ങളെ സാമൂഹികമായ കണക്കെടുപ്പുകൾക്ക് വിധേയമാക്കണം, എല്ലാമേഖലകളിലെയും അനധികൃത ഖനനങ്ങൾ ഉടൻ നിർത്തലാക്കണം, പുതിയ ക്വാറികൾക്കും മണൽ ഖനനത്തിനും ESZ1 ൽ അനുമതി നൽകരുത്, മലിനീകരണമുള്ള വ്യവസായങ്ങൾ അനുവദിക്കരുത്, നിലവിലുള്ള വ്യവസായങ്ങൾ അഞ്ചു വർഷത്തിനകം പൂജ്യം മലിനീകരണത്തോതിൽ എത്തണം, പുതിയ ഊർജ്ജോൽപാദന പദ്ധതികൾക്ക് നിയന്ത്രണങ്ങൾ, കാലാവധികഴിഞ്ഞ ഡാമുകളും താപനിലയങ്ങളും പ്രവർത്തനം നിർത്തുക, ഗതാഗത സൗകര്യങ്ങളുടെ പേരിൽ എക്സ്പ്രസ് ഹൈവേകളും മറ്റു മൊഴിവാക്കി വളരെ അത്യാവശ്യത്തിന് മാത്രം പുതിയ ഹൈവേകളും റയിൽവേ ലൈനുകളും, ടൂറിസം പദ്ധതികൾക്ക് നിയന്ത്രണങ്ങൾ, ഇതിനെല്ലാം പുറമെ നിർദ്ദിഷ്ട ആതിരപ്പള്ളി ജലവൈദ്യുതി പദ്ധതിക്ക് അനുമതി കൊടുക്കരുത് തുടങ്ങിയ ശുപാർശകളാണ് ഗാഡ്ഗിൽ കമ്മിറ്റിക്കെതിരെ തിരിയാൻ ചില കേന്ദ്രങ്ങളെ പ്രേരിപ്പിക്കുന്നത്. ഈ ശുപാർശകളൊന്നും പശ്ചിമഘട്ട മേഖലകളിൽ ജീവിക്കുന്ന ജനങ്ങളുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുന്നവയല്ലെന്ന് മാത്രമല്ല, ഇനി അവിടെ ജനിക്കാനിരിക്കുന്ന തലമുറകളുടെ നിലനിൽപ്പ് ഉറപ്പു വരുത്തുന്നവയാണ്.

എന്നാൽ പശ്ചിമഘട്ടത്തിലെ കല്ലും, തടിയും, മണ്ണും, മണലും, ധാതുക്കളും വിറ്റ് കാശാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളവർക്ക് ഈ ശുപാർശകൾ വഴിമുടക്കികളാണ്. അതൊഴിവാക്കാനുള്ള യുദ്ധത്തിൽ കാലാൾപ്പടയായി മുന്നിൽ നിർത്താനാണ് കർഷകജനതയെ ഇളക്കിവിടാൻ ചിലർ കരുക്കൾ നീക്കുന്നത്. ഈ യുദ്ധത്തിനായി കുതിരയെയും ആനയെയും തേരിനെയും മന്ത്രിയേയും വിലക്കു വാങ്ങാൻ അവർക്കറിയാം. കർഷകജനത എന്ന കാലാൾപ്പടയുടെ വോട്ടു മൂല്യം ചൂണ്ടിക്കാണിച്ചുവേണം അവർക്ക് യുദ്ധം ജയിക്കാൻ.

കർഷകജനതയെ തെരുവിലിറക്കാനുള്ള തിരക്കഥ രചിക്കുന്നവർ ഇത്തരം യുദ്ധങ്ങളുടെ രസതന്ത്രം നന്നായി അറിയാവുന്നവരാണ്. അതുകൊണ്ടുതന്നെയാണ് കത്തോലിക്കാ സഭയെയും അതിന്റെ നിയന്ത്രണത്തിലുള്ള ദീപികപോലുള്ള പ്രസിദ്ധീകരണത്തെയും ഗാഡ്ഗിൽ കമ്മിറ്റിക്കെതിരെയുള്ള

പോർമുനകളായി സജ്ജീകരിക്കാൻ ചിലർ ശ്രമിക്കുന്നത്. അവരാണ്, വന്യമൃഗങ്ങൾക്കുവേണ്ടി മനുഷ്യരെ വഴിയാധാരമാക്കുന്നു എന്ന് വിലപിക്കുന്നത്. ഈ പ്രകൃതിയൊന്നാകെ മനുഷ്യന്റെ അന്തമില്ലാത്ത ഉപഭോഗാർത്തിക്കായി ഉപയോഗിക്കാനുള്ളതാണ് എന്ന 'തിയോളജി' കാലഹരണപ്പെട്ടതാണെന്ന് അവരറിയുന്നില്ല. മനുഷ്യനും മറ്റ് സസ്യ-ജന്തു വർഗ്ഗങ്ങൾക്കും പരസ്പരാശ്രിതത്വത്തോടെയെ ഇവിടെ നിലനിൽക്കാനാകൂ എന്ന ഇന്നത്തെ ബോധ്യങ്ങൾക്കുനേരെ അജ്ഞത നടിച്ചുകൊണ്ട് ഇവർ ജനങ്ങളെ നയിക്കുന്നത് തികഞ്ഞ ഭൗതിക ആർത്തിയുടെയും മത്സരങ്ങളുടെയും സർവ്വനാശത്തിന്റെയും നിത്യനരകത്തിലേക്കാണ്.

കർഷകരക്ഷ എന്ന മുദ്രാവാക്യം മുൻനിർത്തി ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകൾക്കെതിരെ അട്ടഹസിക്കുന്നവർ വിദ്വിഷ്വേഷം കെട്ടുകയാണ്. കർഷകർ സ്വന്തം നിലക്ക് ഇത്തരം കമ്മിറ്റി റിപ്പോർട്ടുകളൊന്നും പഠന വിധേയമാക്കില്ല എന്ന ഒരു വിശ്വാസത്തിലാണ് ഇവിടെ തെറ്റിദ്ധരിപ്പിക്കൽ ശ്രമങ്ങൾ നടക്കുന്നത്. കുടിയിറക്ക് ഭീതിപരത്തിയാൽ, മുമ്പ് കുടിയിറക്ക് ഭീക്ഷണികളുണ്ടായപ്പോഴെല്ലാം ആരുടെയൊക്കെ ചിറകുകൾക്കു കീഴിലാണോ അഭയം പ്രാപിച്ചത്, അവിടേക്ക് തന്നെ കർഷകർ ഓടിയടുക്കുമെന്നാണ് ഈ നാടകങ്ങളുടെ തിരക്കഥ രചിക്കുന്നവർ കണക്കു കൂട്ടുന്നത്. എന്നാലിന്ന് കാര്യങ്ങളെ സ്വതന്ത്രമായി മനസ്സിലാക്കാൻ ശ്രമിക്കുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും മലയോരങ്ങളിലുമുണ്ട് എന്നവർ മനസ്സിലാക്കാൻ പോകുന്നതേയുള്ളൂ. ഈ വിഷയം മുൻനിർത്തി ഏതാനും മാസങ്ങളായി വലിയ ഒച്ചപ്പാടുകൾ ഉണ്ടാക്കാൻ ചിലർ വളരെ ആസൂത്രിതമായി ശ്രമിച്ചിട്ടും ഇതുവരെ ജനങ്ങളിൽ വലിയ ചലനങ്ങളൊന്നുമുണ്ടായിട്ടില്ലായെന്നതാണ് വസ്തുത.

ഇത് പരിസ്ഥിതി പ്രവർത്തകരും സ്വതന്ത്രകർഷസംഘടനകളും പക്വതയോടെ ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണ്. പശ്ചിമഘട്ടത്തിലെ കർഷക സമൂഹം കയ്യേറ്റക്കാരും പരിസ്ഥിതി വിരുദ്ധരുമായ ആർത്തിപ്പണ്ടാരങ്ങളാണെന്ന മുൻവിധിയുള്ള ചില പരിസ്ഥിതി പ്രവർത്തകരുണ്ട്. അവർ നഗരങ്ങളിലിരുന്ന് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ പുകഴ്ത്തി ചർച്ചകൾ നടത്തുകയും മലയോരം മുടിക്കുന്ന അസുര ജനതയെ നിർദ്ദാക്ഷണ്യം കുടിയിറക്കണമെന്ന് വാദിക്കുകയും ചെയ്തെന്നുവരും. അത്തരം വാദഗതികളാവും കർഷക സമൂഹത്തെ തെറ്റിദ്ധരിപ്പിച്ച് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ തിരിക്കാൻ ശ്രമിക്കുന്നവർ ഫലപ്രദമായി ഉപയോഗിക്കുക. പശ്ചിമഘട്ടത്തിലെ കർഷക ജനത അന്യഗ്രഹങ്ങളിൽ നിന്നോ ശത്രുരാജ്യത്തു നിന്നോ ഒളിച്ചു കടന്നുവന്നവർ അല്ല. കാലാകാലങ്ങളിൽ ഇന്നാട്ടിൽ നിലനിന്നിരുന്ന ഭരണകൂടങ്ങൾ അറിഞ്ഞുകൊണ്ടുതന്നെ പശ്ചിമഘട്ടത്തിലേക്ക് കൃഷിക്കായി കുടിയേറിയവരാണ്.

പശ്ചിമഘട്ടത്തിലെ എല്ലാമനുഷ്യ ഇടപെടലുകളുടെയും കണക്കെടുത്താൽ അവിടുത്തെ കർഷക സമൂഹം ഏൽപ്പിച്ചിരിക്കുന്ന ക്ഷതങ്ങളെക്കാൾ കൂടുതലാണ് വൻകിട പ്ലാന്റേഷനുകളും, സർക്കാരിന്റെ വൻകിട പദ്ധതികളും വ്യവസായ സംരംഭങ്ങളും വരുത്തിയിരിക്കുന്ന പ്രകൃതിനാശമെന്ന് കണ്ടെത്താനാവും. മാത്രവുമല്ല പൊതുഖജനാവിന് ഭാരമാകാതെ അദ്ധ്വാനിച്ചു ജീവിക്കുന്ന ഈ ജനത ഉൽപ്പാദിപ്പിക്കുന്ന സമ്പത്തിന്റെ പങ്ക് പ്രത്യക്ഷമായോ പരോക്ഷമായോ ഇന്നാട്ടിലെ എല്ലാവിഭാഗം ജനങ്ങളും അനുഭവിക്കുന്നുണ്ട്. മലയോരങ്ങളിൽ നിന്ന് കല്ലായും മണലായും തടിയായും കാർഷികവിഭവങ്ങളായും കറണ്ടായും ഒഴുകിപ്പോകുന്നതെല്ലാം തന്നെ സമതലങ്ങളിലെ ജനങ്ങളുടെ പ

പശ്ചിമഘട്ടത്തിലെ എല്ലാമനുഷ്യ ഇടപെടലുകളുടെയും കണക്കെടുത്താൽ അവിടുത്തെ കർഷക സമൂഹം ഏൽപ്പിച്ചിരിക്കുന്ന ക്ഷതങ്ങളെക്കാൾ കൂടുതലാണ് വൻകിട പ്ലാന്റേഷനുകളും, സർക്കാരിന്റെ വൻകിട പദ്ധതികളും വ്യവസായ സംരംഭങ്ങളും വരുത്തിയിരിക്കുന്ന പ്രകൃതി നാശമെന്ന് കണ്ടെത്താനാവും. മാത്രവുമല്ല പൊതുഖജനാവിന് ഭാരമാകാതെ അദ്ധ്വാനിച്ചു ജീവിക്കുന്ന ഈ ജനത ഉൽപ്പാദിപ്പിക്കുന്ന സമ്പത്തിന്റെ പങ്ക് പ്രത്യക്ഷമായോ പരോക്ഷമായോ ഇന്നാട്ടിലെ എല്ലാവിഭാഗം ജനങ്ങളും അനുഭവിക്കുന്നുണ്ട്.




വര: വി.എസ്. ഗിരീശൻ

കമ്മിറ്റി ശുപാർശകൾക്കെതിരെ കുടിയിറക്ക് ഭീതി പരത്തി ജനങ്ങളെ ഇളക്കാൻ ശ്രമിക്കുന്നവർ അതിന് പശ്ചാത്തലമൊരുക്കുന്നത് പരിസ്ഥിതി പ്രവർത്തകരിൽ ഒരു വിഭാഗത്തിന്റെ നിലപാടിനെപ്പറ്റി വിശദീകരിച്ചുകൊണ്ടാണ് (ഉദാ: ഓക്ടോബർ ലക്കം കർഷകൻ മാസികയിലെ പരിസ്ഥിതി സംരക്ഷിക്കാൻ കർഷകരെ കുടിയിറക്കണോ? എന്നലേഖനം) പശ്ചിമഘട്ടത്തിൽ നിന്ന് കർഷകരെയെല്ലാം കുടിയിറക്കി കാര്യങ്ങൾ നേരെയാക്കാം എന്ന് പരിസ്ഥിതി പ്രവർത്തകരിൽ ആരെല്ലാമോ എവിടെയൊക്കെയോ പറയുന്നു എന്നു സൂചിപ്പിച്ചുകൊണ്ടാണ് ഗാഡ്ഗിൽ ശുപാർശകൾക്കെതിരെ ജനവികാരമുണർത്തുന്നത്.

കേരളത്തിലെ ഏതെങ്കിലും ഒരു പരിസ്ഥിതി സംഘടന അത്തരമൊരു നിലപാടെടുത്തതായി ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിലും ഇങ്ങനെയൊരു പ്രചരണം നടക്കുമ്പോൾ അക്കാര്യത്തിൽ നിശബ്ദത പുലർത്തുന്നത് മേൽസൂചിപ്പിച്ച പ്രചരണത്തിന് കരുത്തു പകരും. അതു കൊണ്ടുതന്നെ ഈ സമയത്ത് പരിസ്ഥിതി പ്രവർത്തകർ എടുക്കുന്ന നിലപാടുകൾക്ക് ഏറെ പ്രധാന്യമുണ്ട് പശ്ചിമഘട്ട മലനിരകളിൽ ജീവിക്കുന്ന സാധാരണക്കാരായ ജനലക്ഷങ്ങളെ പ്രതിസ്ഥാനത്ത് നിർത്തി വിചാരണ ചെയ്യുന്ന സമീപനം ഒഴിവാക്കപ്പെടണം. അതിനു തയ്യാറായില്ലെങ്കിൽ യഥാർത്ഥ വില്ലന്മാർ ഊറിച്ചിരിക്കും. എന്തുകൊണ്ടെന്നാൽ അവർ രംഗത്തിറക്കിയിരിക്കുന്ന കർഷകമിശിഹാമാരുടെ പിന്നിലേക്ക് മലയോര ജനത ഒഴുകിയെത്താൻ ഈ വിചാരണയും കുടിയിറക്ക് പിറുപിറുക്കലുകളും കാരണമാവുമെന്നവർക്കറിയാം. പിന്നെയെല്ലാം എളുപ്പമാണല്ലോ.

ക്കലേക്ക് കൂടിയാണെന്നതും വിസ്മരിക്കാനാവില്ല. ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് മലയോര മേഖലകളിലെ ജനങ്ങളോട് സൗഹൃദത്തോടെയുള്ള സമീപനം സ്വീകരിക്കാൻ പരിസ്ഥിതി പ്രവർത്തകരിൽ ഒരു വിഭാഗത്തിനെങ്കിലും കഴിയുന്നില്ലായെന്നാണെന്റെ നിരീക്ഷണം. മലയോരകർഷകനെ കയ്യേറ്റക്കാരനായി കാണുന്ന ഒരു മനഃശാസ്ത്രം പല പരിസ്ഥിതി പ്രവർത്തകരിലുമുണ്ട്. സർക്കാർ ശമ്പളത്തിന്റെയും പെൻഷനുകളുടെയും സുരക്ഷിതത്വത്തിൽ നഗരകേന്ദ്രീകൃത ജീവിതം നയിച്ചുകൊണ്ടാണ് ഇക്കൂട്ടരിലേറെയും പരിസ്ഥിതി പ്രവർത്തനങ്ങൾ നടത്തുന്നത്. ചെറിയ തോതിലാണെങ്കിലും ഇരുപത്തഞ്ച് കൊല്ലത്തിലധികം കാലത്തെ പരിസ്ഥിതി പ്രവർത്തനാനുഭവങ്ങളിൽ നിന്ന് തികഞ്ഞ ബോധ്യത്തോടെയാണ് ഇക്കാര്യങ്ങൾ ഞാനിവിടെ തുറന്നു പറയുന്നത്. ഇവിടെ ഇങ്ങനെയൊരു പരാമർശം നടത്തുന്നത് ഒരു പ്രത്യേക പശ്ചാത്തലത്തിലാണ്. ഗാഡ്ഗിൽ

പശ്ചിമഘട്ടത്തിലെ സാധാരണ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടും അവരുടെ വിശ്വാസമാർജ്ജിച്ചു കൊണ്ടും, അവരെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നവരെ തുറന്നു കാണിക്കാനുള്ള വലിയ പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ട സമയമാണിത്. ഏറെ നിർണ്ണായകമായ ഈ ദൗത്യം കേരളത്തിലെ പരിസ്ഥിതി പ്രവർത്തക സമൂഹം ഏറ്റെടുക്കുമോ. അതിനു പകരം പ്ലാച്ചിമടയിലും മുല്ലപ്പെരിയാറിലും ചില പരിസ്ഥിതി ബുദ്ധിജീവികൾ ചെയ്തപോലെ, രാഷ്ട്രീയ താല്പര്യത്തോടെയോ പക്വതയില്ലാത്ത പരിസ്ഥിതി വൈകാരികതയോടെയോ, സമരമുഖങ്ങളിലെ യഥാർത്ഥ ഇരകളുടെ സംഘശക്തിയെ ദുർബലപ്പെടുത്തുന്ന സമീപനവുമായി ഇക്കാര്യത്തിലും മുന്നോട്ടു നീങ്ങുമോ? ഗാഡ്ഗിൽ കമ്മിറ്റി ശുപാർശകളുമായി ബന്ധപ്പെട്ട് പശ്ചിമഘട്ടത്തിന്റെ സംരക്ഷണകാര്യത്തിൽ ഇനി എന്തു സംഭവിക്കുമെന്നത് തീർച്ചയായും ഈ ഘട്ടത്തിൽ പരിസ്ഥിതി പ്രവർത്തക സമൂഹം സ്വീകരിക്കുന്ന നിലപാടുകളെ ആശ്രയിച്ചാണിരിക്കുന്നത് എന്ന വിവേകവും ഉത്തരവാദിത്തവും ഉണ്ടാകട്ടേ.